'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. ഡി. ദിനേശ് കുമാറിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം:2393/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/10/2019

പരാമർശം:- 1. ശ്രീ. ഡി. ദിനേശ് കുമാർ സമർപ്പിച്ച 04.08.2016 ലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.09.2017, 20.02.2018, 19.06.2019 തീയതികളിലെ ഇ17-11100/2016/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 23.05.2019 ലെ എൽ.ഡിസ് (സി3)ഡി2/11930/2018/ജി.മെ.ആ. നമ്പർ കത്ത്.

**ഉത്തരവ്**

മാവേലിക്കര മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എജിനീയർ ആയ ശ്രീ.ഡി.ദിനേശ് കുമാർ, തന്റെ ഭാര്യക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിലെ ചികിത്സയ്ക്കായി 30.07.2016 മുതൽ 04.08.2016 വരെയും 10.09.2016 മുതൽ 13.09.2016 വരെയും 19.09.2016 മുതൽ 27.09.2016 വരെയും ചെലവായ ₹70,995/ - രൂപ (എഴുപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. ഡി. ദിനേശ് കുമാർ-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹40,427/- രൂപ (നാല്പതിനായിരത്തി നാന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) ആണെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മാവേലിക്കര മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എജിനീയർ ആയ ശ്രീ. ഡി. ദിനേശ് കുമാർ-ന്റെ ഭാര്യക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിലെ ചികിത്സയ്ക്കായി 30.07.2016 മുതൽ 27.09.2016 വരെ ചെലവായ തുകയിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹32,342/- രൂപ (മുപ്പത്തി രണ്ടായിരത്തി മുന്നൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക "2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. ഡി. ദിനേശ് കുമാർ, അസിസ്റ്റന്റ് എൻജിനീയർ(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (23-10-2019ലെ 1312906/L3/555/2019-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ